**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5617** **08-07-2024 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ മീഡിയയിൽ സജീവമാകുന്ന ആഭിചാര ഗ്രൂപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവസാമൂഹ്യമാധ്യമ ഗ്രൂപ്പുകളിൽ മരണാനന്തര ജീവിതത്തെക്കുറിച്ചും പുനർജന്മത്തെക്കുറിച്ചുമൊക്കെ നിരവധി വീഡിയോകളും മറ്റും പ്രചരിക്കുന്നുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇത്തരം വീഡിയോകളും ഉള്ളടക്കങ്ങളും ശ്രദ്ധയിൽപെട്ടാൽ നിയമനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം അവ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | സ്കൂൾതലം മുതൽ മാനസികാരോഗ്യ സാക്ഷരതയും ശാസ്ത്രബോധവും ഉറപ്പാക്കി ഇത്തരം വിപത്തുകളെ പ്രതിരോധിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിലൂടെ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വഴി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂൾ തലം മുതൽ മാനസികാരോഗ്യ സാക്ഷരതയും ശാസ്ത്രബോധവും ഉറപ്പാക്കി ഇത്തരം വിപത്തുകളെ പ്രതിരോധിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ സൈബർ സുരക്ഷയും ചതിക്കുഴികളും സംബന്ധിച്ച് സൈബർ ഓപ്പറേഷൻസിന്റെയും പോലീസ് സ്റ്റേഷന്റെയും നേതൃത്വത്തിൽ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |
| (സി) | സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കും ആഭിചാര പ്രയോഗങ്ങൾക്കുമെതിരെ സർക്കാരിന്റെ ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ? | (സി) | സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കും ആഭിചാര പ്രയോഗങ്ങൾ നടത്തുന്നവർക്കുമെതിരെ നിലവിലെ നിയമങ്ങൾക്കനുസൃതമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ